# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/166/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 01/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/166/23 തീയ്യതി: 01/04/2023

## കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 07-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)) | 09-01-2023 | 18-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 18-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺകുമാർ എ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി. ഡി, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ യു. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.തുളസി എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി താഹി റ്റി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീ. എം.എസ്. സുരേഷ് ബാബു | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ,രാജീവ് ആർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ലിഷ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 01-04-2021 | 31-08-2021 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 03-09-2021 | 31-03-2022 |
| ഡോ.മുഹമ്മദ് ഷഫീഖ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 03-05-2021 |
| ഡോ.പ്രീത നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-05-2021 | 31-03-2022 |
| ഡോ.ജലജ എസ്. | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ ഒ. | I.C.D.S സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| ശ്രീമതി ജയശ്രീ | I.C.D.S സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീമതി താഹി റ്റി. | അസ്സി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സൌമ്യ ബി.നായർ | കൃഷിഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുരേഷ് കുമാർ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ഡോ. മനോജ് ജോൺസൺ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക -അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു. | 1-7-2 |
| 10 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത | 1-7.1 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 1-11 |
| 15 | വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 66684/- രൂപ | 1-12 |
| 16 | മാട്ടിറച്ചി ലേലം 39421/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 17 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 374590 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-14 |
| 18 | ഭവന പുനരുദ്ധാരണം - പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 19 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 20 | എം സി എഫ് ഇലക്ട്രിക്ക് പ്രവൃത്തികൾ ടെണ്ടർ കുറവ് വരുത്തിയില്ല, തുക അധികം നല്കി | 1-17 |
| 21 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 22 | ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-19 |
| 23 | മാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 24 | എസ് എസ് കെ വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു | 1-21 |

| | | |
|---|---|---|
| 25 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 536866/- തടസ്സത്തിൽ വയ്ക്കുന്നു. | 1-22 |
| 26 | പി.എച്ച്.സിയ്ക്ക് ലാബ് റീഏജന്റ് വാങ്ങൽ - സ്റ്റോക്ക് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. | 1-23 |
| 27 | വാണിജ്യ സമുച്ചയ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധിയിൽ | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എം സി എഫ് ഇലക്ട്രിക്ക് പ്രവൃത്തികൾ ടെണ്ടർ കുറവ് വരുത്തിയില്ല, തുക അധികം നല്കി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

12-02-2021 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 07-03-22 തീയതിയിലെ 10/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30-07-2022 | 01-05-2022 | | |

### 1-2.1 വാർഷിക ധനകാര്യപത്രിക -അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കാത്തതിനാൽ ആസ്തി ആർജ്ജിക്കൽ സംബന്ധിച്ച കൃത്യതയും അക്കൌണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യത്തിന്റെ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല.
2. ബി 11 Depreciation On Fixed Deposits കണക്കാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായുള്ള രേഖകൾ ലഭ്യമാക്കിയില്ല.
3. B9 Stale Cheque പ്രകാരമുള്ള വരവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ കൃത്യത പരിശോധിച്ചിട്ടില്ല.
4. വികസനഫണ്ട് (ജനറൽ,എസ് സി പി) ജി ഓ പ്രോജക്ട് മുഖേന തിരികെ പിടിച്ച തുകയ്ക്ക് പദ്ധതിരൂപീകരണം നടത്തിക്കാണുന്നില്ല. [SCP-66000/- GENERAL – 481800/-, 535334/-]
5. CFC Grant നീക്കിയിരുപ്പ് B4 പ്രകാരമുള്ള തുകയും RP 40 (B) പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.
6. CFC Grant PFMS അക്കൌണ്ട് മുഖേന ലഭിച്ച തുകകൾ Grant RP 31 ൽ ഉൾപ്പെടുത്തിയിട്ടില്ല.
7. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ചെലവ് തുക ACR, AFS, സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ACR | സുലേഖ സ്റ്റേറ്റ് മെന്റ് | AFS |
|---|---|---|
| 6960020 | 6544020 | 4692805 |

8. മെയിന്റനൻസ് ഫണ്ട് ( റോഡ്), ACR, സുലേഖ സ്റ്റേറ്റ്മെന്റ്, AFS തുകകൾ പൊരുത്തപ്പെടുന്നില്ല.
9. CFC ബേസിക് ഗ്രാന്റ് ട്രഷറി വരവ് 9,56,260/- രൂപ, AFS ലെ ചെലവായി 87,23,743/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.
10. CFC(PFMS & ട്രഷറി) ഗ്രാന്റ് ചെലവ്- ബാലൻസ് കൃത്യത ഉറപ്പ് വരുത്തുവാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,36,75,431/- രൂപ |
| വരവ് | 13,28,13,516/- രൂപ |
| ആകെ | 17,64,88,947/- രൂപ |
| ചെലവ് | 14,76,28,190/- രൂപ |
| നീക്കിയിരിപ്പ് | 2,88,60,757/- രൂപ |
| വരവ് നഷ്ടം | 0/- രൂപ |
| നിരാകരിക്കുന്ന തുക | 8,063/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 26,52,532/- രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18619899 | 18619899 | 18615510 | 4389 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10415008 | 10415008 | 7860963 | 2554045 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്(ട്രഷറി) | 0 | 956260 | 956260 | 59775 | 896485 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്(ബാങ്ക്) | 0 | 3467000 56743 Int | 3523743 | 3502377 | 21366 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(ട്രഷറി) | 0 | 8400000 | 8400000 | 786499 | 7613501 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(ബാങ്ക്) | 0 | 5200000 | 5200000 | 1095356 | 4104644 |
| മെയിന്റനൻസ്, റോഡ് | 0 | 23884000 | 23884000 | 23770635 | 113365 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9291764 | 9291764 | 6960020 | 2331744 |
| MNREGS | 0 | 1681590 | 1681590 | 1681483 | 107 |
| റ്റി.എസ്.സി | 5534047 | 190000 | 5724047 | 2144265 | 3579782 |
| ICDS | 403788 | 1147125 | 1550913 | 1021235 | 529678 |
| ലൈബ്രറി ഗ്രാന്റ് | 51610 | 13980 | 65590 | 30000 | 35590 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 321511759 | 159 | 97953994 | 16 | 0 | 70.35% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1681590 | 1681590 | 1681483 | 107 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 60766402 | 60766402 | 60766402 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6185900/- |
| വിധവാപെൻഷൻ | 22915100/- |
| വാർദ്ധക്യകാലപെൻഷൻ | 50434400/- |
| വികലാംഗപെൻഷൻ | 5630700/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 321600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000/- |

## 1-7-2 സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും പെൻഷണറുടെ മരണശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണ തീയതി | സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക | വിതരണം ചെയ്തതുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഫാത്തിമ ബീവി | 103280200813 | വാർദ്ധക്യകാല പെൻഷൻ | 22/04/2021 | 07/07/2021 | 4/21-6/21 | 4800 |
| 2 | പൊന്നമ്മ | 103280100410 | കർഷക തൊഴിലാളി പെൻഷൻ | 16.04.2021 | 16/09/2021 | 5/21-8/21 | 6400 |
| 3 | മുഹമ്മദ് സാലി | 103280200993 | വാർദ്ധക്യകാല പെൻഷൻ | 02/05/2021 | 16/09/2021 | 5/21-8/21 | 6400 |
| 4 | കെ.കരുണാകരൻ നായർ | 103280100586 | കർഷക തൊഴിലാളി പെൻഷൻ | 14/05/2021 | 19/06/2021 | May-21 | 1600 |
| 5 | മറിയാമ്മ | 103280200401 | വാർദ്ധക്യകാല പെൻഷൻ | 18/06/2021 | 16/09/2021 | 6/21-8/21 | 4800 |
| 6 | ആർ ഗംഗാധരൻ നായർ | 103280201687 | വാർദ്ധക്യകാല പെൻഷൻ | 14/7/2021 | 20/09/2021 | 7/21-8/21 | 3200 |
| 7 | മറിയം ബീവി | 103280200284 | വാർദ്ധക്യകാല പെൻഷൻ | 28/07/2021 | 16/09/2021 | Aug-21 | 1600 |
| 8 | ഖദീജ ബീവി | 103280200760 | വാർദ്ധക്യകാല പെൻഷൻ | 16/06/2021 | 16/09/2021 | 6/21-8/21 | 4800 |
| 9 | ലീലാമ്മ ജോർജ് | 103280200886 | വാർദ്ധക്യകാല പെൻഷൻ | 07/09/2021 | 08/11/2021 | 09/21-10/21 | 3200 |
| 10 | മുഹമ്മദ് ഹനീഫ | 103280100637 | കർഷക തൊഴിലാളി പെൻഷൻ | 16.12.2021 | 16/06/2022 | 1/2022-05/2022 | 8000 |
| 11 | ലക്ഷ്മിക്കുട്ടി അമ്മ | 103280600437 | വിധവ പെൻഷൻ | 10/02/2022 | 01/05/2022 | 2/2022-4/2022 | 4800 |
| 12 | മേരി രാജൻ | 103280202220 | വാർദ്ധക്യകാല പെൻഷൻ | 25/04/2021 | 15/01/2022 | 5/21-12/21 | 12800 |
| 13 | വാസുദേവൻ നായർ | 103280201147 | വാർദ്ധക്യകാല പെൻഷൻ | 12/07/2021 | 20/09/2021 | 8/21-9/21 | 3200 |
| 14 | സുലോചന | 103280601302 | വിധവ പെൻഷൻ | 03/07/2021 | 20/09/2021 | 7/21-8/21 | 3200 |
| 15 | സുഹറ ബീവി | 103280200413 | വാർദ്ധക്യകാല പെൻഷൻ | 03/09/2021 | 20/11/2021 | 9/21- 10/21 | 3200 |
| 16 | യൂസഫ് ഖാൻ | 103280201228 | വാർദ്ധക്യകാല പെൻഷൻ | 29/09/2021 | 19/11/2021 | Oct-21 | 1600 |
| 17 | മീരാമ്മാൾ പാത്തുമ്മ | 103280100455 | കർഷക തൊഴിലാളി പെൻഷൻ | 20/10/2021 | 17/12/2021 | Nov-21 | 1600 |
| 18 | ഏലിയാമ്മ | 103280202967 | വാർദ്ധക്യകാല പെൻഷൻ | 28.01.2022 | 17/03/2022 | Feb-22 | 1600 |
| 19 | വർഗ്ഗീസ് തോമസ് | 103280200424 | വാർദ്ധക്യകാല പെൻഷൻ | 26.01.2022 | 01/05/2022 | 2/22-4/2022 | 4800 |
| 20 | സാലിഹ ബീവി | 103280201979 | വാർദ്ധക്യകാല പെൻഷൻ | 4.02.2022 | 19/04/2022 | 2/22-4/2022 | 4800 |

ഓഡിറ്റ് വേളയിലെ പരിശോധനയിൽ കണ്ടെത്തിയ പെൻഷണറുടെ വിവരമാണ് മുകളിൽ

ചേർത്തിട്ടുള്ളത്. പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടാത്തതിനാലാണ് സാമൂഹ്യ സുരക്ഷ പെൻഷൻ മരണശേഷവും തുടർന്ന് നല്കിയത്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള നിലവിലുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം -01/2021-22/09-01-2023

## 1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി ഗ്രാമപഞ്ചായത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിൽ കാലവിളംബമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക കൈപ്പറ്റുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്ത നിലയിൽ സഹായധനം ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.

ഓഡിറ്റ് അന്വേഷണം -01/2023/09-01-2023

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2023 03.10 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹22240/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച്

ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

റോഡ്കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾ കൂടി പരിശോധിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക). 2017-2018 നിർമ്മാണം ആരംഭിച്ച ഷോപ്പിങ് കോംപ്ലക്സ് /മാൾ നിർമാണ വായ്പ തിരിച്ചടവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച വിശകലനത്തിന് ഖണ്ഡിക 1-25 കാണുക. പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/12/2022 | 7/2022 മുതൽ 9/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-01-2017 മുതൽ 21-01-2017 | 2011-12 മുതൽ 2015-16വരെ | 21/02/2017 |

## 1-11 വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്തിലെ 9-ാം വാർഡിലെ 797-ാം നമ്പർ കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നില്ല. താലൂക്ക് ഓഫീസർ, പത്തനാപുരം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലാണ് കെട്ടിടം. 20$m^2$ വിസ്തീർണ്ണമുള്ള കെട്ടിടം നികുതി ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം പ്രസ്തുത കെട്ടിടത്തിന് നികുതി ഇളവിന് അർഹതയില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് പ്രസ്തുത കെട്ടിടത്തിന് നികുതി ഇളവിന് അർഹതയുണ്ടെന്ന് സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ടി കെട്ടിടത്തിൽ നിന്നും നിയമാനുസൃതമായ നിരക്കിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/18.01.23

## 1-12 വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 66684/- രൂപ

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ പറയുന്ന കടമുറികളിൽ പ്രവർത്തിച്ചുവരുന്ന വാടകക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. കോവിഡ് വ്യാപനത്തെതുടർന്ന് വാടക ഇളവ് അനുവദിച്ചെങ്കിലും തുക പൂർണ്ണമായും ഒടുക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കടമുറി നമ്പർ | തുക |
|---|---|---|---|

| | | | (ജി.എസ്.ടി. @18%, പിഴപ്പലിശ ഉൾപ്പെടെ) |
|---|---|---|---|
| 1 | ഹുസൈൻ, അമാൻ മൻസിൽ | 37 SP5 | 34569 |
| 2 | ഷാജഹാൻ,ചരുവിള വീട്, കുണ്ടയം | FM-33 | 13000 |
| 3 | രാജൻ,ഈട്ടിവിള വീട്, ചേലക്കോട് | FM-34 | 13000 |
| 4 | മുഹമ്മദ് ഹനീഫ, ഷെഫീക്ക് മൻസിൽ,കുണ്ടയം | NS-16 | 3983 |
| 5 | റഹീം, തെങ്ങുവിള പുരയിടം, കുണ്ടയം | FM-40 | 2132 |
| | ആകെ | | 66684/- |

വാടക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി. വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 02/12.01.23

## 1-13 മാട്ടിറച്ചി ലേലം 39421/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്തിലെ 13-ാം വാർഡിലെ മൂലക്കട ജംഗ്ഷനിൽ മാട്ടിറച്ചി വ്യപാരത്തിന്റെ അവകാശം സ്ഥിരപ്പെടുത്തി നൽകിയ ശ്രീ. സുനിൽ, തേക്കുവിള, കുണ്ടയം എന്ന വ്യക്തി ഈ ഇനത്തിൽ 39421/- രൂപ പഞ്ചായത്തിൽ ഒടുക്കാനുണ്ട്. ലേലം സ്ഥിരപ്പെത്തി നൽകുന്ന വ്യക്തി 2 തുല്യ ഗഡുക്കളായി തുക പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. രണ്ടാം ഗഡു ഡിസംബർ 31 മുമ്പായി ഒടുക്കേണ്ടതാണ്. എന്നാൽ അവശേഷിക്കുന്ന തുക നാളിതുവരെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുക ഒടുക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-14 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 374590 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി (79/22) |
| അടങ്കൽ തുക | 2600000/-<br>650000/- വികസന ഫണ്ട് ജനറൽ<br>650000/- സംസ്ഥാനാവിഷ്കൃതം<br>1300000/- (BC Direct) |
| ചെലവ് തുക,ബിൽ.നം.തീയതി | 650000/-<br>1/7.1.22 |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 104 കന്നു കുട്ടികൾക്കുള്ള വിഹിതമായി 6250/- രൂപ നിരക്കിൽ 650000/- രൂപ അസിസ്റ്റൻറ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യാമാക്കിയിട്ടുള്ളത് 275410/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും 374590/- രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നു എന്നുമാണ്. സബ്സിഡി തുക പൂർണ്ണമായും വിനിയോഗിക്കുന്നതു വരെ വിനിയോഗിയ്ക്കാൻ അവശേഷിയ്ക്കുന്ന 374590/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പൂർണ്ണമായും വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയതുക - 374590/- രൂപ

ഓഡിറ്റ് എൻക്വയറി – 14/16-1-23

## 1-15 ഭവന പുനരുദ്ധാരണം - പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസായി ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഭവന പുനരുദ്ധാരണം - ജനറൽ 33/22 (21-22)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം, തീയതി |
|---|---|---|---|
| 1 | സുബൈദാ ബീവി, ഈട്ടിവിള വടക്കേതിൽ, ഇടത്തറ | 24000/- | 21/15-12-21 |
| 2 | സനൂജ, സാബിത് മൻസിൽ, ഠൗൺ സൗത്ത് | 24000/- | 23/31.12.21 |
| 3 | മാലതി, മഠത്തിൽ മേലതിൽ, മഞ്ചള്ളൂർ | 24000/- | 48/24.2.22 |
| 4 | അൽഫോൺസാ, അമ്പലം പടിഞ്ഞാറ്റിൽകര, മാങ്കോട് | 24000/- | 48/24.2.22 |

2. ഭവനപുനരുദ്ധാരണം 191/22 (Spill Over)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം, തീയതി |
|---|---|---|---|
| 1 | ആദം, മന്നായി കോണം, മുട്ടക്കുന്നത്ത് നോർത്ത് | 25,000/- | 47/27.10.20 |
| 2 | ചന്ദ്രശേഖരപിള്ള, ഈട്ടിവിള പുത്തൻവീട് | 25,000/- | 47/27.10.20 |
| 3 | നസീമാ, മൂക്കൻ തോട്, കുണ്ടയം | 25,000/- | 47/27.10.20 |
| 4 | സോമൻ കുഞ്ഞ്, ഡേവിഡ് ഭവൻ വാഴപ്പാറ | 25,000/- | 97/22.3.21 |

3. ഭവന പുനരുദ്ധാരണം-192/22 പട്ടികജാതി (Spill Over)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം, തീയതി |
|---|---|---|---|
| 1 | ഓമന, ചരുവിളവീട് കുണ്ടയം | 35000 | 42/27.10.20 |
| 2 | ജാനകി, സുരേഷ് ഭവനം, ചിതൽവെട്ടി | 35000 | 95/12.2.21 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിൽ പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെ നേരിൽ കണ്ടും കത്ത് മുഖേനയും ബന്ധപ്പെട്ട് പണികൾ പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ, പണികൾ പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികൾക്കുവേണ്ടി ചെലവഴിച്ച തുക പലിശ സഹിതം ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 12/16-1-23

## 1-16 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം - 193 (എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി, സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ
അടങ്കൽ തുക - 10,00,000/- രൂപ (എസ്.സി.പി. ഫണ്ട്)
ചെലവ് – 8,50,000 /- രൂപ
ബിൽ നം - 82/20-21, തീയതി -19/2/21

2021-2022 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതിയാണ് എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. അജിതകുമാരി, ചരുവിള വീട്, നെടുംപറമ്പ്, വാർഡ്-7 എന്ന വ്യക്തി, ആദ്യ ഗഡു 50,000/- രൂപ കൈപ്പറ്റിയതിനുശേഷം നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിൽ നിന്നും തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം മുൻകൂർ തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 12/16.01.23

## 1-17 എം സി എഫ് ഇലക്ട്രിക്ക് പ്രവൃത്തികൾ ടെണ്ടർ കുറവ് വരുത്തിയില്ല, തുക അധികം നല്കി

1) പ്രോജക്ട് - എം സി എഫ് ഇലക്ട്രിക്ക് പ്രവൃത്തികൾ (222 /22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – വികസന ഫണ്ട് - 75000

തനത്ഫണ്ട് – 5094

ആകെ – 80094

കരാറുകാരൻ - ശ്രീ. സതീഷ് കുമാർ തേവലപ്പുറം

ടി പ്രവൃത്തി, ടെൻഡർ ചെയ്തതിൽ ശ്രീ. സതീഷ് കുമാർ തേവലപ്പുറം എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ്നിരക്കിൽ നിന്നും 20.25% കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. പ്രവൃത്തിയുടെ അന്തിമബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക നല്കി.

| | |
|---|---|
| പ്രവൃത്തി മൂല്യം | 78480 |
| (-)ആദായ നികുതി 1% | 785 |
| (-)നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 785 |
| കരാറുകാരന് നല്കിയ തുക | 76910 |

ബിൽ നം. 38, തീയതി 31-03-2022 - 75000/-

ചെക്ക് നം. 19720, തീ 22-03-22 – 1910/-

ചെക്ക് നം. 17539, തീ 28-03-22 – 785/-(IT)

ചെക്ക് നം. 19721, തീ 27-03-22 – 785/- (WF)

ആകെ – 78,480/-

അന്തിമബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിച്ചില്ല. ഇതുമൂലം താഴെ കൊടുത്തിരിക്കുംപ്രകാരം തുക അധികം നല്കി.

ബിൽ തയ്യാറാക്കേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

| | |
|---|---|
| പ്രവൃത്തി മൂല്യം | 78480 |
| (-) ടെണ്ടർ കുറവ് 20.25% | 15892 |
| | 62588 |
| കൂട്ടുക ജിഎസ് ടി 12% | 7511 |
| (-)ആദായ നികുതി 1% | 626 |
| (-)നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 626 |
| ആകെ | 68847 |

അധികമായി കരാറുകാരന് നല്കിയ തുക 76910-68847 = 8,063/-രൂപ. കരാറുകാരന് അധികം നല്കിയ 8,063/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/16-01-2023

നിരാകരണം - 8,063/- രൂപ

## 1-18 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു

താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ നം |
|---|---|---|---|---|
| 1 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(03/22) | കെ എസ് ഇബി | 1,78,413 | 24/22-02-2022 |
| 2 | കുടിവെള്ളവിതരണം, കേരള വാട്ടർ അതോറിറ്റിക്ക് ബാക്കി തുക അടവാക്കൽ(220/22) | കേരളാ വാട്ടർ അതോറിറ്റി | 97,303 ( മുൻ വർഷങ്ങളിൽ ടി പ്രോജക്ടിനായി 1300000 അടവാക്കിയിട്ടുണ്ട് | 166/27-12-2021 |
| 3 | ജലജീവൻമിഷൻ പഞ്ചായത്ത് വിഹിതം (139/22) | കേരളാ വാട്ടർ അതോറിറ്റി | 2,48,287 | 22/02-02-2022 |
| 4 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടിവി സ്ഥാപിക്കൽ(139/22) | പൊതുമരാമത്ത് വകുപ്പ് | 400000 | 318/07-03-2022 |
| | | ആകെ | 924003 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ചിട്ടുള്ള 924003/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 9,24,003/- രൂപ

ഓഡിറ്റ് അന്വേഷണം - 10/ 16-01-2023

## 1-19 ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില 2019-20 സാമ്പത്തിക വർഷം വരെ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്ക് വരുത്തിയിരുന്നത്. നിലവിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കി വരുന്നത്. ഇതിനായി ആരംഭിച്ചിട്ടുള്ള എസ്.ബി.ഐ. അക്കൗണ്ടിൽ തന്നെയാണ് തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃതം കുറവുവരുത്തുന്ന നികുതി തുകകളും ഒടുക്കു വരുത്തുന്നത്. പരിശോധനയ്ക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം ടി അക്കൗണ്ടിൽ 14-12-22 ൽ 13,29,368/-രൂപാ നീക്കിയിരുപ്പുണ്ട്. നികുതി തുക ഇനത്തിൽ ബില്ലുകളിൽ നിന്നും കുറവു വരുത്തുന്ന തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുവരുത്താതെ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്. ആയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ പഞ്ചായത്ത് തനത്ഫണ്ട് അക്കൗണ്ടിലേയ്ക്ക് ഉടൻതന്നെ കൈമാറേണ്ടതുമാണ്. ടി ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ ലഭിക്കുവാനുണ്ടെങ്കിൽ ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 മാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് - മാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക -

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 8,21,409/- |
| സംസ്ഥാനാവിഷ്കൃത വിഹിതം | 11,14,753/- |
| ആകെ | 19,36,162/- |

പത്തനാപുരം മാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 11,29,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും ,ഐ ആർ ടി സി, പാലക്കാട് എന്ന സ്ഥാപനവുമായി 31-01-2022 ൽ കരാറിലേർപ്പെടുകയും, ടി സ്ഥാപനത്തിന് താഴെ കൊടുത്തിരിക്കും പ്രകാരം തുക നല്കുകയും ചെയ്തിട്ടുണ്ട്.

| ക്രം. നം | തുക | ബിൽ നം |
|---|---|---|
| 1 | 2,52,800/- (മുൻകൂർ)<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 247, തീ 01-02-2022 |
| 2 | 2,52,956/- (ഒന്നാം ഭാഗിക ബിൽ) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 439. തീ 30-03-2022 |
| | ആകെ തുക – 5,05,756/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |

ടി പ്രവൃത്തി നാളിതുവരെ (18-01-2023) പൂർത്തീകരിക്കുകയോ, തുടർപ്രവർത്തനങ്ങൾ നടത്തി ഭാഗിക ബില്ലുകൾ നല്കുകയോ ചെയ്തിട്ടില്ല, കരാറിലെ വ്യവസ്ഥപ്രകാരം (വ്യവസ്ഥ-7) അഡ്വാൻസും ഗഡുക്കളും കൈപ്പറ്റിയ തീയതി മുതൽ 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തി പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പണി പൂർത്തീകരിക്കാത്തതിനാൽ പദ്ധതിക്കായി നാളിതു വരെ ചെലവ് ചെയ്ത 5,05,756/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,05,756/- രൂപ

## 1-21 എസ് എസ് കെ വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് – എസ് എസ് എ വിഹിതം (16/22)
നിർവഹണം – ഹെഡ്മിസ്ട്രസ്
അടങ്കൽ തുക – 300000/- രൂപ
ചെലവ് തുക – 300000/- രൂപ (ബിൽനം -105/22-10-21)
പദ്ധതി മുഖേന 300000/- രൂപ എസ്.എസ്.എ വിഹിതം ആയി എസ്.എസ്.കെ കൊല്ലം ജില്ലാ പ്രോജക്ട് ഓഫീസർക്ക് നല്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രേഖകളോ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.
ഓഡിറ്റ് അന്വേഷണം – 4/12-01-2023
തടസ്സപ്പെടുത്തുന്ന തുക - 300000/- രൂപ

## 1-22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 536866/- തടസ്സത്തിൽ വയ്ക്കുന്നു.

മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി K.M.S.C.L-ന് ആകെ 536866/- രൂപ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.എസ്.സി.എൽ. പ്രൊഫോർമ നം./തീയതി |
|---|---|---|---|
| 53/22 - -പൊതുവിഭാഗം ഫണ്ട് | 300000 | ബിൽ നം. 12/11-2-22 | PRF-4461/28-12-21 |
| 49/22 | 192000 | ബിൽ നം. 18/30-3-22 | PRF 6746/10-3-21 |
| 49/22 | 44866 | ബിൽ നം. 9/6.11.21 | PRF 3054/30.10.21 |
| ആകെ | 536866 | | |

മേൽ പ്രസ്താവിത തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെ രേഖകളോ,സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 536866/- രൂപ തടസ്സപ്പെടുത്തുന്നു.
മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 536866/-രൂപ

ഓഡിറ്റ് എൻക്വയറി - 17/17-1-23

## 1-23 പി.എച്ച്.സിയ്ക്ക് ലാബ് റീഏജന്റ് വാങ്ങൽ - സ്റ്റോക്ക് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

2021-2022 വർഷത്തിൽ മെഡിക്കൽ ഓഫീസർ (മാങ്കോട് പി.എച്ച്.സി) നിർവ്വഹിച്ച പ്രോജക്ട് നം. 51/22 മാങ്കോട് പി.എച്ച്.സിയ്ക്ക് ലാബ് റീഏജന്റ് വാങ്ങൽ പ്രോജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ട് അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1. പ്രോജക്ട് നം. 51/22 - മാങ്കോട് പി.എച്ച്.സിയ്ക്ക് ലാബ് റീഏജന്റ് വാങ്ങൽ

അടങ്കൽ തുക – 30000/- രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് തുക - 11317/- രൂപ

1. ബിൽ നം. 11/8.12.21 - 3604/- രൂപ

2. ബിൽ നം. 17/30-3-22 - 7713/- രൂപ

മേൽ പ്രസ്താവിത പദ്ധതിയിൽ ആകെ 11317/- രൂപ ചെലവഴിച്ച് 'സിവ മെഡിക്കൽ സർവ്വീസസ്, തൈക്കാട്, തിരുവനന്തപുരം, ശ്രീ നന്ദൻ ഏജൻസീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ലാബ് റീഏജന്റ് വാങ്ങിയതിന്റെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
സ്റ്റോക്ക് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 11317/- രൂപ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-നം-17/17-1-23

തടസ്സപ്പെടുത്തുന്ന തുക – 11317/- രൂപ

## 1-24 വാണിജ്യ സമുച്ചയ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധിയിൽ

കെ യു ആർഡി എഫ് സിയിൽ നിന്നുള്ള വായ്പാത്തുക 21,15,00,000/- രൂപയും തനത്ഫണ്ട് വിഹിതം 2,35,00,000/- രൂപയും ഉൾപ്പെടെ 23,50,00,000/- രൂപ അടങ്കൽത്തുക കണക്കാക്കി 2017-18 സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിച്ച പ്രവൃത്തിയാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം. പ്രവൃത്തിയുടെ നിർമ്മാണ കാലാവധിയായി കണക്കാക്കിയിരുന്നത് 3 വർഷമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 05 -09 -2018 ൽ കരാറിലേർപ്പെട്ടു.

കോവിഡ് 19 മൂലം സാമ്പത്തിക പ്രതിസന്ധിയിലായ കെ യു ആർഡി എഫ് സിയ്ക്ക് ലോൺ തുക അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായതിനാൽ കേരളാ ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും വായ്പ എടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിനെ സ.ഉ (സാധാ)നം 1188/2022/ ത.സ്വ.ഭ.വ., തീയതി 10-05-2022 പ്രകാരം സർക്കാർ അനുമതി ലഭിച്ചു. കെ യു ആർഡി എഫ് സി യിൽ നിന്നും ലഭിച്ച വായ്പാത്തുക ക്യാരി ഓവർ ചെയ്ത് തിരിച്ചടവാക്കുന്നതിനുൾപ്പെടെ 31.5 കോടി രൂപയാണ് വായ്പാത്തുകയായി അനുവദിച്ചത്.

ടി പ്രവൃത്തിയുടെ ഇതുവരെയുള്ള (18-01-2023)ചെലവുകൾ വർഷം തിരിച്ച് താഴെ ചേർക്കുന്നു.

1) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നല്കിയ തുകകൾ

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2019-20 | 7,74,71,881 |
| 2 | 2020-21 | 6,51,52,353 |
| 3 | 2021-22 | 1,95,78,249 |
| 4 | 2022-23 | 3,58,47,126 |
| | ആകെ | 19,80,49,609 |

അടിസ്ഥാന സൗകര്യ വികസനം ചെലവഴിച്ച തുകകൾ

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2017-18 | 9,85,260 |
| 2 | 2018-19 | 9,72,000 |
| 3 | 2019-20 | 8,46,000 |
| 4 | 2020-21 | 9,07,000 |
| 5 | 2021-22 | 1,57,000 |
| | | 38,67,260 |

പത്തനാപുരം ഗ്രാമ പഞ്ചായത്തും, കേരളാ ഫിനാൻഷ്യൽ കോർപറേഷന്റേയും പേരിൽ ഫെഡറൽ ബാങ്ക് പത്തനാപുരം ശാഖയിൽ ഒരു ESCROW അക്കൗണ്ട് തുടങ്ങുന്നതിനും പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി വരുമാനം (Residential & Non Residential), മാൾ നിർമ്മാണം പൂർത്തിയാകുമ്പോൾ കെട്ടിടത്തിൽ നിന്നും ലഭ്യമാകുന്ന വാടക വരുമാനം എന്നിവ പ്രസ്തുത ESCROW അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 17-06-2022 ലെ 1(3) തീരുമാനപ്രകാരം അനുമതി നല്കി. കൂടാതെ പഞ്ചായത്ത് കമ്മറ്റിയുടെ ഇതേ തീയതിയിലെ 1(4) തീരുമാനപ്രകാരം കേരളാ ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും എടുക്കുന്ന 31.15 കോടി രൂപയുടെ വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്നപക്ഷം ഗ്രാമ പഞ്ചായത്തിന് സർക്കാരിൽ നിന്നും ലഭിക്കുന്ന പൊതു ആവശ്യ ഗ്രാൻറ് തുകയും ESCROW അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ച് കേരളാ ഫിനാൻഷ്യൽ കോർപറേഷന് കൈമാറുന്നതിന് ഗ്രാമ പഞ്ചായത്തിന് സമ്മതമാണെന്ന് അറിയിക്കുന്നതിന് തീരുമാനിച്ചു.

വായ്പയുടെ തിരിച്ചടവ് താഴെ പറയും പ്രകാരമാണ്. വായ്പാ തുകയായ 3115 ലക്ഷം രൂപ 156 പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണം. ആദ്യഗഡു വായ്പ ലഭിച്ച് 24 മാസത്തിനുശേഷമാണ് വായ്പാത്തുകയുടെ തിരിച്ചടവ് ആരംഭിക്കേണ്ടത്. 1 മുതൽ 155 തവണവരെ പ്രതിമാസം 19,97,000/- രൂപ ക്രമത്തിലും, അവസാന ഗഡു 19,65,000/- രൂപയുമാണ് തിരിച്ചടവാക്കേണ്ടത്. അതായത് വായ്പാത്തുക തിരിച്ചടയ്ക്കുന്നതിന് പ്രതിദിനം 65,655 /-രൂപ ആവശ്യമാണ്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23-/02/2022 ൽ ബി3/6168/2017 നമ്പരായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച കത്തിൽ ഷോപ്പിംഗ്മാൾ പ്രവർത്തന ക്ഷമമായാൽ ഡെപ്പോസിറ്റ് ഇനത്തിൽ 6,92,06,900/- രൂപയും പ്രതിമാസ വാടക ഇനത്തിൽ 24,46,489/- രൂപയും മറ്റ് വരവുകളിലായി 6,15,000/- രൂപയും ചേർത്ത് പ്രതിമാസം ആകെ 30,61,489/- രൂപ പ്രതീക്ഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

ഷോപ്പിംഗ് മാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാകുന്നതുവരെയുള്ള പലിശ ഇനത്തിലുള്ള തിരിച്ചടവ്തന്നെ പഞ്ചായത്തിന്റെ സാമ്പത്തിക നില പരിതാപകരമാക്കിയിരിക്കുകയാണ്. നിലവിലെ സ്ഥിതി തുടർന്നാൽ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനും, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനും ഗ്രാമ പഞ്ചായത്തിന് കഴിയാതെ വരും. അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഷോപ്പിംഗ് മാളിലെ കടമുറികൾ പൂർണ്ണമായും ലേലം ചെയ്തു നല്കി വരുമാനം ഉറപ്പുവരുത്തുന്നതിനും വാണിജ്യ സമുച്ചയത്തെ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ധനാഗമമാർഗമാക്കി മാറ്റുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. (2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13 കൂടി കാണുക )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം സി എഫ് ഇലക്ട്രിക്ക് പ്രവൃത്തികൾ ടെണ്ടർ കുറവ് വരുത്തിയില്ല, തുക അധികം നല്കി

1) പ്രോജക്റ്റ്- എം സി എഫ് ഇലക്ട്രിക്ക് പ്രവൃത്തികൾ (222 /22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക-വികസന ഫണ്ട് - 75000/-

തനത്ഫണ്ട് – 5094/-

ആകെ – 80094/-

കരാറുകാരൻ- ശ്രീ. സതീഷ് കുമാർ തേവലപ്പുറം

ടി പ്രവൃത്തി, ടെൻഡർ ചെയ്തതിൽ ശ്രീ. സതീഷ് കുമാർ തേവലപ്പുറം എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ്നിരക്കിൽ നിന്നും 20.25% കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. പ്രവൃത്തിയുടെ അന്തിമബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക നല്കി.

| | |
|---|---|
| പ്രവൃത്തി മൂല്യം | 78480 |
| (-)ആദായ നികുതി 1% | 785 |
| (-)നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 785 |
| കരാറുകാരന് നല്കിയ തുക | 76910 |

ബിൽ വിവരം

ബിൽനം 38, തീയതി 31-03-2022 - 75000/-
ചെക്ക് നം 19720, തീ 22-03-22 – 1910/-
ചെക്ക് നം 17539, തീ 28-03-22 – 785/-(IT)
ചെക്ക് നം 19721, തീ 27-03-22 – 785/- (WF)
ആകെ – 78,480/-

അന്തിമബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിച്ചില്ല. ഇതുമൂലം താഴെ കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കി.

ബിൽ തയ്യാറാക്കേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

| | |
|---|---|
| പ്രവൃത്തി മൂല്യം | 78480 |
| (-) ടെണ്ടർ കുറവ് 20.25% | 15892 |
| | 62588 |
| കൂട്ടുക ജിഎസ് ടി 12% | 7511 |
| (-)ആദായ നികുതി 1% | 626 |
| (-)നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 626 |
| ആകെ | 68847 |

അധികമായി കരാറുകാരന് നല്കിയ തുക 76910 – 68847 = 8063/- രൂപ. കരാറുകാരന് അധികം നല്കിയ 8063/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/16-01-2023

നിരാകരണം – 8063/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2021-22 | 09-01-2023 മുതൽ 18-01-2023 വരെ | കെ.എസ്.എ/കെ.എൽ.എം/പി.9/166/23, 27.03.23 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട്

| നിർവ്വഹണ ഏജൻസി | Project No | Project Name | FundTotal | Expenditure | Balance |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 11 | പാലിന് സബ്സിഡി | 400000 | 156414 | 243586 |
| ബ്ലോക്ക്പഞ്ചായത്ത് | 27 | അനുപൂരക പോഷകാഹാര പദ്ധതി | 300000 | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 33 | ഭവനപുനരുദ്ധാരണം | 1000000 | 0 | 1000000 |
| ബ്ലോക്ക്പഞ്ചായത്ത് | 34 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ് | 300000 | 123500 | 176500 |
| ബ്ലോക്ക്പഞ്ചായത്ത് | 36 | ലൈഫ് മിഷൻ (എസ് സി) | 2000000 | 0 | 2000000 |
| ബ്ലോക്ക്പഞ്ചായത്ത് | 39 | ലൈഫ് മിഷൻ | 2000000 | 40000 | 1960000 |
| ജില്ലാ പഞ്ചായത്ത് | 159 | പൊതു ടോയ്ലറ്റ് കോംപ്ലക്സ്(പേ ആൻഡ് യൂസ്) | 500000 | 499000 | 1000 |
| ജില്ലാ പഞ്ചായത്ത് | 186 | ലൈഫ് മിഷൻ | 1734977 | 0 | 1734977 |
| ജില്ലാ പഞ്ചായത്ത് | 188 | ലൈഫ് മിഷൻ | 720341 | 0 | 720341 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(03/22) | 27/ 17-03-2022 | 178413 | 0 | 178413 |
| ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം | താലൂക്ക് ആശുപത്രിക്ക് അധിക വിഹിതം(221/22) | ചെക്ക് നം 2916943/09-08-2021 | 1000000 | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം | പത്തനാപുരം താലൂക്ക് ഗവ. ആശുപത്രിക്ക് വസ്തുവാങ്ങൽ (205/22) | ചെക്ക് നം 2916943/09-08-2021 | 10000000 | 10000000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ളവിതരണം, കേരള വാട്ടർ അതോറിറ്റിക്ക് ബാക്കി തുക അടവാക്കൽ (220/22) | 166/27-12-2021 | 97303 | 0 | 97303 |
| കേരളാ വാട്ടർ അതോറിറ്റി | ജലജീവൻമിഷൻ പഞ്ചായത്ത് വിഹിതം (139/22) | 22/02-02-2022 | 248287 | 0 | 248287 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് വായ്പയിനത്തിൽ 18048061/- രൂപ വരവുണ്ട്. ആയതിൽ 18048061/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ്) | | 0 | 14080668 | 601333 | 0 | 13479335 |
| ഷോപ്പിംഗ് കോംപ്ലക്സ് | | 18048061 | 103830233 | 8973832 | 11839414 | 112904462 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2918486 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2918486 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3370161 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ | 09.12.2022 | 91 ദിവസം | 193315 | 10.03.2023 വരെയാണ് തുക നിക്ഷേപിച്ചിരിക്കുന്നത് |
| 2 | കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ | 09.12.2022 | 91 ദിവസം | 982668 | |
| 3 | കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ | 09.12.2022 | 91 ദിവസം | 2194178 | |
| ആകെ | | | | 3370161 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8063/- | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 374590 | ഡോ. മനോജ് ജോൺസൺ, വെറ്റിനറി സർജൻ |
| 1-18 | 924003 | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |

| | | |
|---|---|---|
| 1-20 | 505756 | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |
| 1-21 | 300000 | ശ്രീമതി ജലജ എസ്, ഹെഡ്മിസ്ട്രസ് |
| 1-22 | 536866 | ഡോ. ലിഷ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-23 | 11317 | ഡോ. ലിഷ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം എസ് സുരേഷ് ബാബു,<br>സെക്രട്ടറി | സെക്രട്ടറി,<br>പത്തനാപുരം ഗ്രാമപഞ്ചായത്ത് | പള്ളിശ്ശേരി വീട്(സ്വാതി)<br>ടിബി ജംഗ്ഷൻ കൊട്ടാരക്കര |
| ഡോ. മനോജ് ജോൺസൺ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>പത്തനാപുരം | കാനിശ്ശേരിൽ 92/13 ഡ്രീം ഇന്ത്യവിലാസ്,<br>പാതിരപ്പള്ളി, കുടപ്പനക്കുന്ന്,<br>തിരുവനന്തപുരം |
| ശ്രീ. എസ്. സുരേഷ് കുമാർ,<br>വി.ഇ.ഒ | വി.ഇ.ഒ<br>പത്തനാപുരം | ശിവതീർത്ഥം, ഇളമ്പൽ പി ഒ,<br>പുനലൂർ, കൊല്ലം |
| ഡോ. ലിഷ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>ചടയമംഗലം എഫ്.എച്ച്.സി | ടി.സി.96/532, കാവ്യം,<br>എസ്.എൻ.ആർ.ആർ.എ.96<br>നീരാഴി ലെയിൻ, മെഡി. കോളേജ്. പി. ഒ,<br>ഉള്ളൂർ, തിരുവനന്തപുരം |
| ശ്രീമതി ജലജ എസ്,<br>ഹെഡ്മിസ്ട്രസ് | വിരമിച്ചു | മുളപ്പം മഠത്തിൽകിഴക്കേതിൽ,പന്നിവിഴ<br>ആനന്ദപ്പള്ളി,അടൂർ<br>Mob. 8139027279 |

## 4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-1983 | എൽ.എഫ്.ക്യു.പി3/312/1996 | |
| 1998-1999 | കെ.എസ്എ.കെ.എൽ.എം.പി6/426/2018 / 02.03.2018 | 51 (44, 48, 49 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / 02.03.2018 | 2-14 (2(12), 2(13), 2-(20), 2(21), 2(22), 2(23)<br>വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / 02.03.2018 | 2.6, 2.8, 2.12, 2.13, 2.14 ചെലവ് ഭാഗത്തെ |

| | | |
|---|---|---|
| | | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു.<br>(2.3, 2.4, 2.7 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീ 02.03.2018 | 2.3,2.4, 3.1,3.4, 3.10, 3.13<br>(3.2, 3.8, 3.9, 3.11 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 /തീ. 02.03.2018 | 2.2, 2.3, 2-5, 3.3, 3.6, 3.7.<br>(2-1 3.10, 3.11 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2003-2004 | കെ.എസ്എ.കെ.എൽ.എം.പി6/426/2018 /തീ. 02.03.2018 | 2-3,2-4,3-2, 3-4, 3-8, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 /തീ. 02.03.2018 | 3-3, 3-7, (2-4, 3-4, 3-6, 3-9, 3-10 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീ. 02.03.2018 | 2.2, 3.3, 3.8, 3.11, 3.12, 3.13, 3.15, 3.16, 3.18, 3.21 (3.4,3.5,3.14, 3.17, വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2006-2007 | എൽ.എഫ്.ക്യൂ പി6//810/2018 / 01.02.2011 | എല്ലാ ഖണ്ഡികകളും |
| 2007-2008 | എൽ.എഫ്.ക്യൂ പി6/458/2010 / 18.08.2011 | എല്ലാ ഖണ്ഡികകളും |
| 2008-2009 | എൽ.എഫ്.ക്യൂ പി6/939/2011 / 29.12.2011 | എല്ലാ ഖണ്ഡികകളും |
| 2009-2010 | എൽ.എഫ്.ക്യൂ പി6/1076/2012 / 08.04.2013 | എല്ലാ ഖണ്ഡികകളും |
| 2010-2011 | എൽ.എഫ്.ക്യൂ പി6/1913(2)/2014 / 24.10.2014 | എല്ലാ ഖണ്ഡികകളും |
| 2011-2012 & 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2011-12, 12-13/121/22 / 23-08-22 | 17 |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2011-12,12-13/121/22;23-08-22. | 21 |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2015-16/121/22 / 23-08-22 | 22 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി9/1253/2017 / 16.05.2018 | എല്ലാ ഖണ്ഡികകളും |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം.പി9/607/19 / 03-06-2019 | 6 |
| 2018-2019 | കെ.എസ്.എ.കെ.എൽ.എം.പി9/312/20 / 09/07/2021 | 1-33 ഒഴിച്ചുള്ള എല്ലാ ഖണ്ഡികകളും |
| 2019-2020 | കെ.എസ്.എ.കെ.എൽ.എം.പി9/80/22 / 30/06/2022 | എല്ലാ ഖണ്ഡികകളും |
| 2020-2021 | കെ.എസ്.എ.കെ.എൽ.എം.പി9/1056/22 / 23/07/2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം